fin. B2. 24804/16

# പരിശോധനാ റിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് – ഗ്രേഡ് II
## സുൽത്താൻബത്തേരി, വയനാട്

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 23.05.2016 മുതൽ 28.05.2016 വരെ |
| പരിശോധനാ തീയതി | : | 01.11.2011 മുതൽ 31.03.2015 വരെ |
| പരിശോധനാ വിഭാഗം | : | ഫിൻ ഡി ആഡിറ്റ് |
| Sr. സൂപ്രണ്ട് | : | ശ്രീ. എൻ സുരേന്ദ്രൻ നായർ |
| Sr. ക്ലാർക്ക് | : | ശ്രീ. സന്തോഷ് ശിവാനന്ദൻ |

പരിശോധനാ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

1. ശ്രീ. എസ്. സുജിത്ത് (ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ Grade II : 01.11.2011 മുതൽ 03.03.14 വരെ
2. ശ്രീമതി വി. പ്രബിത (ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ Grade II : 04.03.2014 മുതൽ 13.03.14 വരെ
3. ശ്രീ. ജി. ബാഹുലേയൻ (ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ Grade II : 14.03.2014 മുതൽ തുടരുന്നു.

**ആമുഖം**

**മുൻആഡിറ്റ് സംബന്ധിച്ച്**

A. **വകുപ്പ്തല പരിശോധന**

01.04.2007 മുതൽ 31.10.2011 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് (ഫിൻ ബി2 – 15563/13 തീയതി : 13.09.2013) ന്യൂനത പരിഹരിച്ച് ഫയൽ നടപടികൾ അവസാനിപ്പിച്ചതായി കാണുന്നില്ല. ഖണ്ഡികൾക്ക് അന്തിമ മറുപടി നൽകി ഫയൽ തീർപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

B. **എ.ജിയുടെ പരിശോധന**

01.11.2014 മുതൽ 31.10.2015 വരെയുള്ള കാലയളവിലെ കണക്കുകൾ 01.12.2015 ലെ OA (HQ) IV/II/12-136/15-16/504 നമ്പർ കത്ത് പ്രകാരം പരിശോധന നടത്തിയതായി കാണുന്നു. പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കി ഫയൽ നടപടികൾ തീർപ്പാക്കേണ്ടതാണ്.

മുൻ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ താഴെ പറയുന്ന ഖണ്ഡികകൾക്ക് മറുപടി നൽകി വിവരം അറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | OA (HQ) IV/II/12-271/12-13 | Part II B1, II, III ✓ |
| 2 | OA (HQ) IV/II/12-130/13-14 | Part II B1 to VIi |
| 3 | OA (HQ) IV/II/12-171/14-15 | Part II B1 to VII |

01.12.2006 മുതൽ 31.11.2012 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ടിൽ (OA (HQ) IV/II/12-271/2012-13) ശ്രീ. എസ്. വിജയകുമാറിന് 06.03.2007 മുതൽ 31.05.08 വരെയുള്ള ഉപജീവനപ്പടി മാറി നൽകിയ ഇനത്തിൽ 42486/- രൂപ അധികമായി നൽകിയതു സംബന്ധിച്ച ഖണ്ഡിക തീർപ്പാക്കിയതു സംബന്ധിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമായില്ല. നിജസ്ഥിതി അറിയിക്കേണ്ടതാണ്.

സ്ഥാപനത്തിലെ 01.11.2011 മുതൽ 31.03.15 വരെയുള്ള കാലയളവിലെ കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു. ആയവ പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1. ക്യാഷ്ബുക്കും അനുബന്ധരേഖകളും

a) ബിൽ ബുക്ക് :-CB 65/14-15 പ്രകാരം Vulnerable Housing Grant ഇനത്തിൽ 157500/- രൂപയുടെ ബിൽ 19.03.15 ൽ 482 നമ്പർ ടോക്കൺ പ്രകാരം സമർപ്പിച്ചത് ട്രഷറി ഓഫീസർ പാസ്സാക്കിയതായി ഒപ്പു ചാർത്തിയിട്ടില്ല. എന്നാൽ 23.03.15 ൽ ടി തുക ക്യാഷ് ബുക്കിൽ വരവ് ചേർത്തിട്ടുണ്ട്.

b) ക്യാഷ് ബുക്ക്:-

എ) പരിശോധനാ ദിവസം 26.05.16 ൽ തുക നീക്കിയിരിപ്പില്ലായെന്നു കാണുന്നു.

ബി) ബിൽ തുകകൾ ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തുമ്പോൾ അവ ഏതിനത്തിൽപ്പെട്ടതാണെന്ന വിവരം കൂടി ചേർക്കേണ്ടതാണ്.

സി) ക്യാഷ്ബുക്കിലെ 15,25 പേജുകളിൽ തുകകൾ തിരുത്തലുകൾ വരുത്തിയിരിക്കുന്നു.

ഡി) പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തുമ്പോൾ ബിൽ വിവരങ്ങളും തുക മാറിയ തീയതിയും രേഖപ്പെടുത്തേണ്ടതാണ്.

ഇ) 16.03.12 മുതൽ 27.03.12 വരെയുള്ള ട്രാൻസാക്ഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം അവ റദ്ദാക്കിയതിന്റെ കാരണം അറിയിക്കേണ്ടതാണ്. 04.07.12 മുതൽ 10.07.12 വരെയും, 11.05.12 മുതൽ 23.05.12 വരെയും വിവരങ്ങൾ റദ്ദു ചെയ്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

എഫ്) ക്യാഷ്ബുക്കിലെ ഓരോ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ജി) ക്യാഷ്ബുക്കിലെ 3 മുതൽ 96 വരെയുള്ള പേജുകളിൽ 09.08.12 മുതൽ 31.03.14 വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ട് 97 മുതൽ 440 വരെയുള്ള പേജുകൾ ശൂന്യമായും റദ്ദാക്കുകയും ചെയ്യാതെയും സൂക്ഷിച്ചിട്ട് പുതിയ ക്യാഷ്ബുക്കിൽ തുടർ വിവരങ്ങൾ എഴുതിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

എച്ച്) സാമ്പത്തിക വർഷാവസാനം താഴെപറയും പ്രകാരം തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു,

| തീയതി | തുക |
|---|---|
| 31.03.12 | 50,51,436/- |
| 31.03.13 | 16,03,121/- |
| 31.03.14 | 5,72,000/- |

**2.** വിവിധ ആക്വിറ്റൻസുകൾ

1. അക്വിറ്റൻസ് (എസ്റ്റാ സ്റ്റാഫ്) :- മറ്റ് പരാമർശമില്ല.
2. അക്വിറ്റൻസ് (പ്രൊമോട്ടേഴ്സ്) :- മറ്റ് പരാമർശമില്ല.

**3.** വിവിധ രജിസ്റ്ററുകൾ

1. ഡി.ഡി. രജിസ്റ്റർ :- രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല. ✓

2. കണ്ടിൻജന്റ് ബിൽ രജിസ്റ്റർ :- രജിസ്റ്റർ പരിപാലിക്കുന്നു. മറ്റ് പരാമർശമില്ല.

3. അലോട്ട്മെൻറ് രജിസ്റ്റർ :- പ്രസ്തുത രജിസ്റ്റർ പരിപാലക്കേണ്ടത.

4. അഡ്വാൻസ് രജിസ്റ്റർ :- പരിപാലിക്കുന്നില്ല.

5. പെർമനന്റ് അഡ്വാൻസ് രജിസ്റ്റർ:- പരിപാലിക്കുന്നില്ല.

6. ഡോക്യുമെന്റ് രജിസ്റ്റർ :- വർഷങ്ങളായി ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ള ആധാരങ്ങൾ സംബന്ധിച്ച വിവരം പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ആധാരങ്ങളുടെ പകർപ്പ് സൂക്ഷിക്കുകയും ഒറിജിനൽ ആധാരങ്ങൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതുമാണ്.

7. TR -5 രസീത് സ്റ്റോക്ക് രജിസ്റ്റർ:- പ്രസ്തുത രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

8. . TR -5 രസീത് ബുക്ക് :-GOP No. 77/2010 Fin dated 18.02.10 പ്രകാരമുള്ള രസീത് ബുക്ക് ഉപയോഗിക്കേണ്ടതാണ്.

9. പേബിൽ രജിസ്റ്റർ :- ജീവനക്കാരുടെ വേതന വിവരങ്ങൾ മുഴുവനും രേഖപ്പെടുത്തി രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.

10. CRDR :- 29.12.14 മുതൽ 06.02.16 വരെ പനമരം ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ വിവിധ ആവശ്യങ്ങൾക്കായി തുക മാറി നൽകിയ വിവരങ്ങൾ രേഖപ്പെടുത്താൻ CRDR ഉപയോഗിച്ചിരിക്കുന്നു.

11. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ :- പരിപാലിച്ചു വരുന്നു. വകുപ്പുതല ഓഡിറ്റ് വിവരങ്ങൾ കൂടി എഴുതി രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

12. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ:- പരിശോധനാ ദിവസം 29/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു. 43/ഫിൻ തീയതി 03.06.1988 നമ്പർ ഗവ. സർക്കുലർ അനുസരിച്ച് ദ്വൈവാര ഭൗതിക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

13. സർവ്വീസ് ബുക്ക് രജിസ്റ്റർ:- സർവ്വീസ് ബുക്കുകൾ ജില്ലാ പട്ടികജാതി വികസന ആഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

14. ഇൻകംബൻസ്ഡ് രജിസ്റ്റർ :- പ്രസ്തുത രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

15. ഫർണിച്ചർ രജിസ്റ്റർ:- സുൽത്താൻബത്തേരി താലൂക്ക് പട്ടികജാതി വികസന ആഫീസ് നിലവിൽ ഉണ്ടായിരുന്ന സമയത്തുള്ള പഴയ ഫർണിച്ചർ രജിസ്റ്ററിൽ

രേഖപ്പെടുത്തലുകൾ ചെയ്ത് വരുന്നു. ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നു.

## 4. വിവിധ പദ്ധതികളുടെ ആനുകൂല്യ വിതരണ രജിസ്റ്ററുകൾ

1. **ഭവന നിർമ്മാണ ധനസഹായ വിതരണ രജിസ്റ്റർ**

പേജ് നമ്പർ ഇട്ട് പേജ് സർട്ടിഫിക്കറ്റ് എഴുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും എല്ലാ വിവരങ്ങളും പൂർണ്ണമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. **ഭവന പുനരുദ്ധാരണ ധനസഹായ വിതരണ രജിസ്റ്റർ**

ഗുണഭോക്താക്കളുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട് നമ്പർ എഴുതി സൂക്ഷിച്ചിട്ടില്ല. വിതരണ വിവരം സംക്ഷിപ്തം ഇവ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്,

3. **ടോയ്‌ലറ്റ് ഗ്രാന്റ് വിതരണം**

പ്രസ്തുത രജിസ്റ്ററിൽ ബിൽ വിവരങ്ങളോ സംക്ഷിപ്തമോ രേഖപ്പെടുത്തിയിട്ടില്ല

4. **ഭൂരഹിത പുനരധിവാസ ഗ്രാന്റ് വിതരണം.**

ബിൽ വിവരങ്ങളോ സംക്ഷിപ്തമോ രേഖപ്പെടുത്താതെയും ഗുണഭോക്താക്കൾ തീയതി രേഖപ്പെടുത്താതെ ഒപ്പ് ചാർത്തിയും പദ്ധതി രജിസ്റ്റർ അക്വിറ്റൻസ് ആയി പരിപാലിച്ചിരിക്കുന്നു, ഇതിനായി ആനുകൂല്യ വിതരണ രജിസ്റ്റർ ഉപയോഗിക്കേണ്ടതാണ്.

5. **വിവാഹധനസഹായ വിതരണം**

പ്രസ്തുത രജിസ്റ്ററിൽ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ ഫോട്ടോ പതിക്കുകയും മുഴുവൻ വിവരങ്ങളും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. **മിശ്രവിവാഹ ധനസഹായ വിതരണ രജിസ്റ്റർ**

മറ്റ് പരാമർശമില്ല.

7. **പാലൽ കോളേജ് ആനുകൂല്യ വിതരണ രജിസ്റ്റർ**

വിതരണം ചെയ്യാത്ത തുകകൾ ദീർഘകാലം സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ഉദാ:- CB No 46/12-13 പ്രകാരം 28.01.13 ൽ 5983/- രൂപ എസ്.സി ഗ്രാന്റിനത്തിൽ തുക മാറുകയും 30.01.2013 ൽ 2873 രൂപ വിതരണം ചെയ്ത ശേഷം ബാക്കി വന്ന 3110 രൂപ 27.03.14 വരെ സൂക്ഷിച്ചിരിക്കുന്നു.

28.1.13 / 27.3.14 / 15 month

അതുപോലെ 25.03.13 ൽ എസ്. സി. ഗ്രാന്റിനത്തിൽ 362388/- രൂപ ക്യാഷ് ആയും ഒ.ഇ.സി. ഗ്രാന്റിനത്തിൽ 226790/- രൂപ ക്യാഷ് ആയും തുക മാറിയിരിക്കുന്നു. പ്രസ്തുത തുകകൾ 31.03.2014 വരെ വിതരണം നടത്തുകയും 220838/- രൂപ നീക്കിയിരിപ്പു വരുത്തുകയും ചെയ്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

362388 − 226790 = 135588

220838 + 135588 = 356426

8. **ലംപ്സംഗ്രാന്റ് രജിസ്റ്റർ**

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

9. **അയ്യൻകാളി ടാലന്റ് സ്കീം**

പ്രസ്തുത ആനുകൂല്യ വിതരണ രജിസ്റ്ററിൽ വിതരണം സംബന്ധിച്ച സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

10. **ചികിത്സാധനസഹായ വിതരണം**

ആനുകൂല്യ വിതരണം സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## വിവിധ പദ്ധതികൾ

1. **ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി**

2011-12 മുതൽ 2014-15 വരെയുള്ള കാലയളവിലെ ആനുകൂല്യ വിതരണം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | ചെലവഴിച്ച തുക | അഭിപ്രായം |
|---|---|---|---|
| 2011-12 | 27 | 39,75,000 | @ 25000 x 1<br>@ 150000 x 26 |
| 2012-13 | 40 | 60,00,000 | @ 150000/- |
| 2013-14 | 25 | 37,50,000 | @ 150000/- |
| 2014-15 | 10 | 37,50,000 | @ 375000/- |

സർക്കാർ ഉത്തരവ് (കൈ) നമ്പർ 87/2011/പജപവവിവ തീയതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ 150000/- രൂപയും മുനിസിപ്പാലിറ്റിയിൽ 175000/- രൂപയും കോർപ്പറേഷനിൽ 2 ലക്ഷം രൂപയും വർദ്ധിപ്പിച്ചിരുന്നു.

09.10.14 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 73/2014/പജപവവിവ 09.10.14 നമ്പർ ഉത്തരവ് പ്രകാരം മേൽ തുക യഥാക്രമം 3.75 ലക്ഷം, 4.50 ലക്ഷം, 6 ലക്ഷം എന്നിങ്ങനെ വർദ്ധിപ്പിച്ചുത്തരവായിരുന്നു. വാങ്ങുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗ്രാമ പ്രദേശത്ത് 3 ൽ നിന്ന് 5 ആക്കിയും മുനിസിപ്പാലിറ്റിയിൽ 1.5 സെന്റിൽ നിന്ന് 3 സെന്റായും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റായും വർദ്ധിപ്പിച്ചിരുന്നു.

മേൽ ഉത്തരവുകൾ പ്രകാരം ആനുകൂല്യ വിതരണം നടത്തിയിരുന്നു. എന്നാൽ ഇതു വരെയും മേൽ ആനുകൂല്യങ്ങളുടെ വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തതായി കാണുന്നില്ല. വിനിയോഗ സർട്ടിഫിക്കറ്റ് എത്രയും വേഗം അക്കൗണ്ടന്റ് ജനറലിന് അയച്ച്കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ സമർപ്പിക്കുന്ന കരാർപത്രങ്ങളിൽ സാക്ഷികൾ ഒപ്പിടുകയോ, പട്ടികജാതി വികസന ഓഫീസർ മേലൊപ്പ് ചാർത്തി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഉദാ:-1. ബിന്ദു, ഇടവിളാകത്ത് കുഴിവിള വീട്, മുള്ളൻകൊല്ലി

2. രാജേഷ്, തൊവരിമല വീട്, നെൻമേനി.

മേൽ ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. **ഭവനനിർമ്മാണം സംബന്ധിച്ച്.**

G.O. (Rt) No. 19/2014/SCSTDD dated 03.03.14 പ്രകാരം പ്രതിവർഷം 50,000/- രൂപ വരുമാനമുള്ളവർക്ക് 3 ലക്ഷം രൂപ വരെ ധനസഹായമായി നൽകി വരുന്നു. 2007-08 മുതൽ 2014-15 വരെയുള്ള കാലയളവിലെ ഭവന നിർമ്മാണ ധനസഹായം

വിതരണം ചെയ്തതു സംബന്ധിച്ച ഗഡു തിരിച്ചുള്ള സ്ഥിതി വിവര കണക്ക് മറുപടിയോടൊപ്പം അയച്ചു തരേണ്ടതാണ്. ലഭ്യമായ കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.

3. **സ്വയംതൊഴിൽ ധനസഹായ വിതരണം സംബന്ധിച്ച്.**

ആഡിറ്റ് കാലയളവിൽ താഴെപറയും പ്രകാരം സ്വയം തൊഴിൽ ധനസഹായ സബ്സിഡി തുകകൾ വിതരണം ചെയ്തതായി കാണുന്നു.

| വർഷം | ഗുണഭോക്താക്കൾ | പദ്ധതി | തുക |
|---|---|---|---|
| 2011-12 | 3 | കോൺക്രീറ്റ് പണി<br>ടാക്സി ആട്ടോ<br>കെട്ടിട വാർക്കസാധനങ്ങൾ | 16,667/-<br>50,000/-<br>33,334/- |
| 2012-13 | 2 | ടാക്സി ആട്ടോ<br>ഇലക്ട്രിക് ഷോപ്പ് | 56,333/-<br>96,667/- |
| 2013-14 | 1 | ഹെൽത്ത് കെയർ<br>ഫിറ്റ്നസ് സെന്റർ | 72,000/- |
| 2014-15 | 1 | ഓട്ടോറിക്ഷ | 47,000/- |

വയനാട് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 07.02.14 ലെ 13/1887/14 നമ്പർ കത്ത് പ്രകാരം അയച്ച ശ്രീ. ലാലു ടി.കെ. എന്നയാളുടെ അപേക്ഷ 14.2.15 ൽ കേരള ഗ്രാമീൺ ബാങ്ക് നിരസിച്ച് മടക്കി അയച്ചതായി കാണുന്നു. എന്നാൽ ടി വിവരം ബന്ധപ്പെട്ട അപേക്ഷകനെ ഇതേവരെയും അറിയിച്ചതായി രേഖകളിൽ കാണുന്നില്ല.

സബ്സിഡി തുകകൾ അനുവദിച്ചു നൽകിയവരുടെ വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. **ചികിത്സാ ധനസഹായ പദ്ധതി**

2014 - 15 വരെ ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന വിതരണം നടത്തിവരുന്നു. 2015 - 16 മുതൽ G.O. (Rt) No. 6476/2015 Fin dated 10.07.2015 പ്രകാരം പട്ടികജാതി വികസന ആഫീസ് മുഖേന ധനസഹായ വിതരണം നടത്തി വരുന്നു. ഇതിനായി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ പേരിൽ Special TSB അക്കൗണ്ട്(നമ്പർ 13) എടുത്തിട്ടുണ്ട്.

5. **വിവാഹ ധനസഹായം**

01.11.11 മുതൽ 31.03.15 വരെ പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയത് സംബന്ധിച്ച വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | തുക | അഭിപ്രായം |
|---|---|---|---|
| 2011-12 | 29 | 58,000/- | |
| 2012-13 | 26 | 6,10,000/- | 23 x 20000<br>3 x 50000 |
| 2013-14 | 62 | 29,20,000/- | 6 x 20000 |
| 2014-15 | 33 | 16,50,000/- | |

സർക്കാർ ഉത്തരവ് (കൈ) നമ്പർ 125/12/പജപവവിവ തീയതി 19.09.2012 പ്രകാരം ആനുകൂല്യം നൽകി വരുന്നു. രക്ഷിതാവിന്റെ അപേക്ഷയ്ക്കു പകരം വിവാഹം കഴിച്ച് അയയ്ക്കുന്ന പെൺകുട്ടിയുടെ ജാതിയും, അപേക്ഷയും സ്വീകരിക്കുകയും, രക്ഷിതാവിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യ വിതരണം നടത്തിയിരിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്. (11.04.2011 ലെ പട്ടികജാതി വികസന ഡയറക്ടറുടെ ഫിൻ ബി1 - 4941/11 നമ്പർ സർക്കുലർ)

6. 06.02.2015ലെ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ബി - 1771/14 നമ്പർ കത്ത് പ്രകാരം വിവാഹം വധൂഗൃഹത്തിൽ വെച്ച് നടന്നതിനാൽ മനോഹരൻ പി.റ്റി. & ~~ജയ~~ സുനിത എം.കെ. ദമ്പതികളുടെ അപേക്ഷ നിരസിച്ചതായി കാണുന്നു. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. നിസ്സാര തടസ്സവാദമുന്നയിച്ച് ആനുകൂല്യ നിഷേധം നടത്തുന്നത് തന്നെ കുറ്റകരമാണ്. മിശ്രധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്ന് അംഗീകൃത സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്തിരിക്കണമെന്നതാണ്. വിവാഹം വധൂഗൃഹത്തിൽ വച്ച് നടന്നതിനാൽ അപേക്ഷ നിരസിക്കുവാൻ ഏത് ഉത്തരവ് ആണ് പ്രാബല്യത്തിൽ ഉള്ളത് എന്ന് അറിയിക്കേണ്ടതാണ്. (പേജ് നമ്പർ 23)

7. **വീട് അറ്റകുറ്റപ്പണി സംബന്ധിച്ച്**

2013-14 ൽ ആകെ 13 പേർക്കും 2014-15 ൽ ആകെ 11 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. 2013-14 ൽ 2 പേർ ഒന്നാംഗഡു മാത്രം കൈപ്പറ്റിയതായി കാണുന്നു.

8. **ടോയ്‌ലറ്റ് പദ്ധതി സംബന്ധിച്ച്**

2013-14 ൽ 86 പേർക്ക് ടോയ്‌ലറ്റ് അനുവദിച്ചതിൽ 2 പേർ ഒന്നാംഗഡു മാത്രം കൈപ്പറ്റിയിട്ടുണ്ട്. ആകെ 21,25,000/- രൂപ ചെലവായിട്ടുണ്ട് അതുപോലെ 2014-15 ൽ 43 പേർക്ക് 10,75,000/- രൂപയും അനുവദിച്ചിരുന്നു.

9. **അയ്യൻകാളി സ്കോളർഷിപ്പ് വിതരണം.**

CB No. 66/11-12 പ്രകാരം 13.03.12 ൽ 14450/- രൂപ ക്യാഷ് ആയി തുക മാറുകയും ക്യാഷ്ബുക്ക് പ്രകാരം 20.03.12 ൽ 4,150/- ഉം 26.03.12 ൽ 6,150/- രൂപയും വിതരണം കാണിച്ചിരിക്കുന്നു. ബാക്കി തുകയുടെ വിതരണ വിവരം അറിയിക്കേണ്ടതാണ്. അക്വിറ്റൻസ് രജിസ്റ്ററിൽ പ്രസ്തുത വിതരണ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലായെന്നു കാണുന്നു.

10. **സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണം**

ഗാന്ധി ജയന്തിയോടനുബന്ധിച്ച് 2011 ഒക്ടോബർ 2 മുതൽ 16 വരെ ബ്ലോക്കിൽ സാമൂഹ്യഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ നടത്തിയിരുന്നു. വയനാട് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 20.09.2016 ലെ ബി1/2158/10 (2) നമ്പർ ഉത്തരവ് പ്രകാരം 20,000/- രൂപ മുൻകൂറായി അനുവദിച്ച് നൽകിയിരുന്നു. മേൽ തുകയുടെ ബില്ലുകളും രസീതുകളും 05.03.11 ന് ക്രമീകരിച്ചിട്ടുണ്ട്.

2011-12 ൽ വയനാട് ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 29.09.11 ലെ ബി - 14058/11 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിനായി 30.09.11 ൽ ബിൽ നമ്പർ 27/11-12 ആയി മുൻകൂർ മാറിയ 12,500/- രൂപ 31.03.15 ന് ക്രമീകരിച്ചതായി കാണുന്നു. 2012-13 വർഷം മുതൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമായി പരിപാടികൾ പരിമിതപ്പെടുത്തി നടത്തി വരുന്നു.

**11. സൈക്കിൾ വിതരണം സംബന്ധിച്ച്.**

സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി അനുസരിച്ച് 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 3000/- രൂപ വിലയുള്ള സൈക്കിൾ വിതരണം നടത്തുന്നതിന് 06.12.2011 ലെ ഡി-2070/11 നമ്പർ ഉത്തരവ് പ്രകാരം ബഹു. പട്ടികജാതി വികസന ഡയറക്ടർ ഉത്തരവായിരുന്നു. ആകെ 24 സ്ക്കുളുകളിലായി 135 പേർക്ക് സൈക്കിൾ വിതരണം നടത്തിയിരുന്നു. ചീരാൽ മോഡൽ എച്ച്.എസ്., ടെക്നിക്കൽ റ്റി.എച്ച്.എസ്. സുൽത്താൻബത്തേരി എന്നീ സ്ക്കുളുകൾ തുക കൈപ്പറ്റിയത് സംബന്ധിച്ച രസീതുകൾ അയച്ചു തരേണ്ടതാണ്. വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്ത് വിവരം അറിയിക്കേണ്ടതാണ്.

**12. ഗാന്ധിഗ്രാമം**

G.O. (ഉ) (കൈ) നമ്പർ 97/2013/പജപവവിവ തീയതി 04.12.2013 പ്രകാരം പട്ടികജാതി കോളനികളിൽ വിവിധ വികസന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക എന്ന ഉദ്ദേശത്തോടെ 12 ജില്ലകളിലായി 12 പട്ടികജാതി കോളനികളിൽ ഗാന്ധിഗ്രാമം എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിയിരുന്നു. മേൽ പദ്ധതിയനുസരിച്ച് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിൽ നേലംമ്പറ്റ എസ്.സി. കോളനി തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. മേൽ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ് എന്ന് അറിയുന്നു. നിർമ്മാണ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**13. പ്രീ-പ്രൈമറി എയ്ഡ്**

2014-15 ൽ 53 സ്ക്കുളുകളിലായി 884000/- രൂപ 442 കുട്ടികൾക്ക് 2000 രൂപ വീതം പ്രീ-പ്രൈമറി എയ്ഡ് ഇനത്തിൽ ധനസഹായമായി വിതരണം നടത്തിയിട്ടുണ്ട്.

**14. സ്വയം പര്യാപ്തഗ്രാമ പദ്ധതി**

പ്രസ്തുത പദ്ധതിയിൻ കീഴിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കോളനികൾ ഒന്നും തന്നെ തെരഞ്ഞെടുക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

**15. വിജ്ഞാൻവാടി**

03.07.2011 ലെ 9675/എ3/11/പജപവവിവ നമ്പർ കത്തിൻ പ്രകാരം സർക്കാരിന്റെ 100 ദിന പരിപാടിയിൽപെടുത്തി എല്ലാ പഞ്ചായത്തുകളിലും ഓരോ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ബ്ലോക്ക് പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ ഇതേവരെയും വിജ്ഞാൻവാടികൾ ഒന്നും തന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിജ്ഞാൻവാടികൾ പ്രവർത്തനം ആരംഭിക്കാത്തതിന്റെ ~~കാരണം അറിയിക്കേണ്ടതാണ്.~~ വിശദീകരണം അറിയിക്കേണ്ടതാണ്.

**16. ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി**

പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയത് സംബന്ധിച്ച വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | തുക | അഭിപ്രായം |
|---|---|---|---|
| 2011-12 | 8 | 15,55,000/- | |
| 2012-13 | Nil | | |
| 2013-14 | 1 | 2,42,500/- | |
| 2014-15 | 4 | 14,52,000/- | |

2012-13-ൽ ഈ വിഭാഗങ്ങൾക്ക് [illegible]

**17. എസ്. സി. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി**

എസ്.സി. പ്രൊമോട്ടർമാരുടെ ഹോണറേറിയം അവരുടെ വർക്ക് ഡയറി പരിശോധിച്ച് അംഗീകരിച്ച ശേഷം നൽകിയതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നുള്ള പ്രൊമോട്ടർമാരുടെ ഹാജർ പട്ടിക ഒന്നും തന്നെ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിന്മേലുള്ള ന്യൂനതകൾ പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**18. പണം പറ്റ് രസീതുകൾ സംബന്ധിച്ച്.**

പരിശോധനാവേളയിൽ ലഭ്യമല്ലാത്ത താഴെ പറയുന്ന അക്വിറ്റൻസുകൾ പരിശോധനയക്കു ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | 1,62,500/- | 29.03.14 | Toilet grants to 13 beneficiaries |
| 2 | 1,50,000/- | 24.03.14 | Inter caste marriage to 3 couples |
| 3 | 56,333/- | 30.05.13 | Self employment. |

19. **പൊതു അഭിപ്രായം**

ആഫീസ് പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. വിവിധ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിനായി ലഭ്യമാക്കിയിരുന്ന രജിസ്റ്ററുകൾ ഉപയോഗിക്കേണ്ട താണ്. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് നിലവിലുള്ള നിയമ ങ്ങൾക്ക് വിധേയമായി ഒരു കാഷ്വൽ സ്വീപ്പറിന്റെ സേവനം പ്രയോജനപ്പെടുത്താവു ന്നതാണ്. [illegible]

വിശ്വസ്തതയോടെ,

28/9

സീനിയർ ഫിനാൻസ് ആഫീസർ

[illegible] 9.8.16